**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1604** **05-07-2022 - ൽ മറുപടിയ്ക്ക്**

**നാളീകേര കർഷകർക്ക് താങ്ങാകാൻ കൃഷിവകുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ നാളികേര കർഷകർ നേരിടുന്ന വലിയ വിലത്തകർച്ചയിൽ താങ്ങായി നിൽക്കാൻ കൃഷിവകുപ്പ് എന്ത് പദ്ധതിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; വിലത്തകർച്ചയിൽ നിന്നും കർഷകരെ സഹായിക്കുന്നതിനായി സംഭരണം സ്ഥിരമായി കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ നടത്താനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണന സാദ്ധ്യത സർക്കാർ നേതൃത്വത്തിൽ വർധിപ്പിക്കുന്നതിനും പദ്ധതികളുണ്ടോ; വ്യക്തമാക്കാമോ? | (എ) | സംസ്ഥാനത്ത് ചില ജില്ലകളിൽ പച്ചത്തേങ്ങയുടെ വില കുറയുന്ന സാഹചര്യത്തിൽ പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് 14/01/2022-ൽ സർക്കാർ ഉത്തരവായിരുന്നു. കിലോഗ്രാമിന് 32 രൂപ നിരക്കിലാണ് പച്ചത്തേങ്ങ സംഭരണം നടത്തുന്നത്. ആദ്യ ഘട്ടത്തിൽ പച്ചത്തേങ്ങ സംഭരണം കേരഫെഡ് മുഖേന 5 കേന്ദ്രങ്ങളിൽ ആരംഭിച്ചു. തിരുവനന്തപുരത്തുള്ള ആനയറ സ്റ്റോക്ക് പോയിന്റ്, കരുനാഗപ്പള്ളി കേരഫെഡ് ഫാക്ടറി, തൃശ്ശൂർ പൂച്ചനിപ്പാടത്തുള്ള സെയിൽ പോയിന്റ്, മലപ്പുറം ജില്ലയിൽ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് നാളികേര പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, കോഴിക്കോട് നടുവണ്ണൂരിലുള്ള ഫാക്ടറി, എന്നിവിടങ്ങളിലാണ് കേരഫെഡ് നാളികേര സംഭരണകേന്ദ്രങ്ങൾ ആരംഭിച്ച് നേരിട്ട് പച്ചത്തേങ്ങ സംഭരിച്ചിരുന്നത്. പച്ചത്തേങ്ങ സംഭരണം വിപുലീകരിക്കുന്നതിന്റെ ഭാഗമായി മേൽപ്പറഞ്ഞ 5 സംഭരണ കേന്ദ്രങ്ങൾ കൂടാതെ കണ്ണൂർ ജില്ലയിൽ മുഴപ്പിലങ്ങാട് പ്രാഥമിക സഹകരണ സംഘം മുഖേന കേരഫെഡ് നേരിട്ടും, വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം (VFPCK) യുടെ 36 സ്വാശ്രയ കർഷക സംഘങ്ങൾ (SKS) വഴിയും 2022 ജൂൺ മാസം മുതൽ പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡിന് കൈമാറുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ 15 സ്വാശ്രയ കർഷക സംഘങ്ങൾ (SKS) വഴിയും, മലപ്പുറം ജില്ലയിൽ 12 സ്വാശ്രയ കർഷക സംഘങ്ങൾ (SKS) വഴിയും, കോഴിക്കോട് ജില്ലയിൽ 9 സ്വാശ്രയ കർഷക സംഘങ്ങൾ (SKS) വഴിയും ആണ് VFPCK പച്ചത്തേങ്ങ സംഭരിക്കുന്നത്. ആഴ്ചയിൽ ചൊവ്വ, |

വ്യാഴം ദിവസങ്ങളിലാണ് പച്ചത്തേങ്ങ സംഭരണം നടത്തുന്നത്.

കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് കർഷകരിൽ നിന്നും പച്ചത്തേങ്ങ സംഭരണം നടത്തുന്നത്. AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർ അപേക്ഷിക്കുന്ന മുറയ്ക്ക് തെങ്ങുകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി, തെങ്ങുകളുടെ എണ്ണം വാർഷിക ഉൽപ്പാദനം എന്നിവ രേഖപ്പെടുത്തിയ സാക്ഷ്യപത്രം കൃഷി ഓഫീസർ / കൃഷി ഫീൽഡ് ഓഫീസർ നൽകേണ്ടതാണ് . പ്രസ്തുത സാക്ഷ്യപത്രത്തിന് ഒരു വർഷം കാലാവധി ഉണ്ടായിരിക്കും. പച്ചത്തേങ്ങ വിപണനം ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിൽ കർഷകരിൽ നിന്നും ഈ സാക്ഷ്യപത്രം നൽകി പേരു രജിസ്റ്റർ ചെയ്യേണ്ടതും അപ്രകാരം രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും തെങ്ങ് ഒന്നിന് പരമാവധി 50 നാളികേരം (6 തവണകളിലായി) ഒരു വർഷം എന്ന കണക്കിൽ പച്ചത്തേങ്ങ സംഭരിക്കുന്നു.

കർഷകരെ സഹായിക്കുന്നതിനായി പച്ചത്തേങ്ങ കിലോഗ്രാമിന് 32 രൂപയിൽ നിന്നും വില താഴുമ്പോഴാണ് സംഭരണം നടത്തുന്നത്. നാളികേര കർഷകർക്ക് താങ്ങായി നാളികേരത്തിൽ നിന്നുള്ള വിവിധ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും അവ മെച്ചപ്പെട്ട പാക്കിംഗ് സൗകര്യങ്ങളോടെ വിറ്റഴിക്കുന്നതിനുമായി സംസ്ഥാന കൃഷി വകുപ്പ് എസ്.എഫ്.എ.സി മുഖേന സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യ വർദ്ധിത സംരഭങ്ങൾക്കുള്ള (MSME Scheme) പ്രോത്സാഹന പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകി വരുന്നു. മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള സാങ്കേതികവിദ്യ , ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഫാക്ടറി കെട്ടിടം, ഓഫീസ് കെട്ടിടം , ഓഫീസ് സാമഗ്രികൾ , യന്ത്രസാമഗ്രികൾ, മെഷീനുകൾ , ബയോ വേസ്റ്റ് നിർമ്മാർജ്ജന യൂണീറ്റ് പാക്കേജിംഗ് യന്ത്രങ്ങൾ തുടങ്ങിയവയ്ക്കാണ് SFAC മുഖേന MSME പദ്ധതിയിലൂടെ സബ്സിഡി നൽകിവരുന്നത് . കൂടാതെ APEDA -യുമായി സഹകരിച്ച് ഗുണനിലവാരം ഉറപ്പാക്കികൊണ്ടുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്തുന്നതിനും അങ്ങനെ വിപണന സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുകയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ